HLM-0207

The Heavenly Light Ministry

നിൻദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു
യേശുവേ എൻ ദൈവമേ
നീയെന്നും മതിയായവൻ

യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെൻ മനം പാടീടുമേ
സ്തോത്ര ഗാനത്തിൻ പല്ലവികൾ ... യേശുവേ

ദൈവമേ നിന്റെ സ്നേഹം
എത്രനാൾ തള്ളിനീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ് ... യേശുവേ

എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭയമില്ല
എന്റെ ആത്മാവിനു നൽ നിത്യജീവൻ
എന്നേശു ഒരുക്കിയല്ലോ ... യേശുവേ

നിത്യത ഓർത്തിടുമ്പോൾഎൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസകണ്ണാൽ ഞാൻ കണ്ടിടുന്നു. ... യേശുവേ